**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6310

03.04.2018 ലെ മറുപടിയ്ക്ക്

## കോർപ്പസ് ഫണ്ട് പ്രകാരം കൊല്ലം ജില്ലയിലെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് പ്രകാരം കൊല്ലം ജില്ലയിൽ നാളിതുവരെ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്; | (എ) | 2017-18 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കൊല്ലം ജില്ലയിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ ചെറുകര, കുന്നുംപുറം റോഡ് കോൺക്രീറ്റിംഗ് - 15,00,000/-<br>2. തെന്മല ഗ്രാമപഞ്ചായത്തിലെ മാമ്പഴത്തറ പട്ടികവർഗ്ഗ കോളനിയിലെ റോഡ് കോൺക്രീറ്റിംഗ് - 7,00,000/-<br>3. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ കുഴവിയോട് മുത്തുകോണം റോഡിൽ കലുങ്ക് നിർമ്മാണം - 4,20,000/-<br>4. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ മരുതിമൂട് പട്ടികവർഗ്ഗ കോളനിയിൽ കലുങ്ക് നിർമ്മാണം - 1,35,000/-<br>5. പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയിലെ നടപ്പാല നിർമ്മാണം - 2,00,000/-<br>6. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ കടമാൻകോട് പട്ടികവർഗ്ഗ കോളനിയിൽ കലുങ്ക് നിർമ്മാണം-4,10,000/-<br>7. കുളത്തുപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിലെ സഹായി സെന്റർ - 1,10,000/-<br>8. തെന്മല ഗ്രാമപഞ്ചായത്തിലെ മാമ്പഴത്തറ പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ള പദ്ധതി - 8,25,398/- |

| | | | |
|---|---|---|---|
| | | | 9. കുളത്തൂപ്പുഴ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ മെയിന്റനൻസ് - 16,00,000/-<br>10. കുളത്തൂപ്പുഴ കടമാൻകോട് എ.എൻ.എം. സെന്ററിന്റെ ഉപകരണങ്ങൾ വാങ്ങൽ - 17,094/-<br>11. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ള പദ്ധതി - 2,78,067/-<br><br>2017-18 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് പട്ടികജാതി കോർപ്പസ് ഫണ്ടിനത്തിൽ പുതിയ പദ്ധതികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് പ്രകാരം പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ആരുടെയെല്ലാം ശിപാർശ പ്രകാരമാണ് പരിഗണിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ? | (സി) | ഊരുകൂട്ടം മുഖേന തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾക്ക് ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ